## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4212 — 28/06/2012 ൽ മറുപടിക്ക്

## സ്മാർട്ട് ക്ലാസ് മുറികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ : | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) "സ്മാർട്ട് ക്ലാസ് മുറി-"കളില്ലാത്ത എത്ര സ്കൂളുകളാണ് നിലവിലുള്ളത്; | എ) സംസ്ഥാനത്തെ അഞ്ച് ഹൈസ്കൂളുകളെ സ്മാർട്ട് സ്കൂൾ ആയി സർക്കാർ തെരഞ്ഞെടു ത്തിട്ടുണ്ട്. ഈ സ്കൂളുകളിൽ മാതൃകാ സ്മാർട്ട് ക്ലാസ് റൂം തയ്യാറാക്കുന്നതിനുള്ള ഹാർഡ് വെയർ ഉപകരണങ്ങളും അനുബന്ധ സൗകര്യങ്ങളും ഐ.ടി അറ്റ് സ്കൂൾ പ്രോജക്ട് ലഭ്യമാക്കിയിട്ടുണ്ട്. മറ്റു സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ് |
| ബി) എല്ലാ സ്കൂളുകളിലും ഒരു മുറിയെങ്കിലും "സ്മാർട്ട് ക്ലാസ്" ആക്കാനുള്ള നടപടി സ്വീകരിക്കുമോ ? | ബി) 2012-13 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ സംസ്ഥാനത്തെ എല്ലാ ക്ലാസ് മുറികളും ഘട്ടം ഘട്ടമായി സ്മാർട്ട് ക്ലാസ് മുറികളാക്കാനും 2012-13 വർഷം ഒരു സ്കൂളിൽ ഒരു സ്മാർട്ട് ക്ലാസ് മുറി എങ്കിലും ഒരുക്കാനുദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ